Website:http://www.kwa.kerala.gov.in

Fax: 91-0471-2324903
Tel: 0471-2328654

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. കെ ഡബ്ല്യു എ/HO/RMC/R2/326/2021

തീയതി: 04.03.2021

**<u>സർക്കുലർ</u>**

വിഷയം:- കേരള വാട്ടർ അതോറിറ്റി- റവന്യൂ വരുമാനം വർധിപ്പിക്കുന്നതിൻറെ ഭാഗമായി മാർച്ച് മാസത്തിലെ അവധി ദിവസങ്ങളിൽ റവന്യൂ കളക്ഷൻ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തിക്കുന്നത് സംബന്ധിച്ച്.

സൂചന :- 1. ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ KWA/HO/RMC/R6/1092/2018.Dated 20-02-2018.
2.ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ KWA/HO/RMC/R6/180/2019.Dated 28-03-2019.

2020 -21 സാമ്പത്തിക വർഷത്തെ നമ്മുടെ റവന്യൂ കളക്ഷൻ ടാർഗറ്റ് 734 കോടി രൂപയാണ്. ഇതിൽ 02/2021 വരെയുള്ള 11 മാസങ്ങളിലായി ടാർഗറ്റിൻറെ 60.5% മാത്രമാണ് കളക്ട് ചെയ്യാൻ സാധിച്ചിട്ടുള്ളത്. വാട്ടർ അതോറിറ്റിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് ഇത് വളരെ കുറവാണ്. റവന്യൂ കളക്ഷൻ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ചില ഡിവിഷനുകളിലെ കളക്ഷൻ സെന്ററുകൾ ഫെബ്രുവരി മാസത്തിലെ അവധി ദിവസങ്ങളിൽ സ്വമേധയാ തുറന്നു പ്രവർത്തിച്ചിരുന്നു.

മാത്രമല്ല കളക്ഷൻ എടുക്കുന്ന സമയം നീട്ടിനൽകുകയും ചെയ്തിട്ടുണ്ട്. ഈ നടപടി ശ്ലാഘനീയവും അനുകരണീയവുമാണ്. ഇത് മൂലം വരുമാനത്തിൽ വർദ്ധനവ് വന്നിട്ടുണ്ടെന്ന് ടി ഓഫീസുകളിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. മിക്ക ഡിവിഷനുകളിലും റവന്യൂ കളക്ഷൻ ഊർജ്ജിതമാക്കുന്നതിന്റെ ഭാഗമായി ഡിസ്കണക്ഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ 100 % ഫലപ്രാപ്തിയിൽ എത്തണമെങ്കിൽ കളക്ഷൻ സെന്ററുകൾ അവധി ദിവസങ്ങളിലും മറ്റുള്ള ദിവസങ്ങളിൽ കൂടുതൽ സമയവും തുറന്നു പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണെന്ന് പല ഡിവിഷനുകളിൽ നിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.

നിലവിലെ വ്യവസ്ഥ അനുസരിച് വെള്ളക്കരം സ്വീകരിക്കുന്ന സമയം രാവിലെ 10 മണി മുതൽ വൈകുന്നേരം 3 മണിവരെയാണ്. പ്രസ്തുത സമയക്രമം മൂലം പല ഉപഭോക്താക്കൾക്കും വെള്ളക്കരം യഥാസമയം അടയ്ക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി സൂചിപ്പിച്ചു കൊണ്ടുള്ള ഒട്ടനവധി പരാതികളും ഈ കാര്യാലയത്തിൽ ലഭിച്ചിട്ടുണ്ട് ടി പരാതികളും മേൽ നിർദ്ദേശങ്ങളും വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കളക്ഷൻ സെന്ററുകൾ തുറന്നു പ്രവർത്തിക്കുന്നതുമായി ബന്ധപെട്ടു താഴെ പറയുന്ന ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

1) മാർച്ച് മാസത്തിൽ അവധി ദിവസങ്ങൾ ഉൾപ്പെടെ എല്ലാ ദിവസവും റെവന്യൂ കളക്ഷൻ കൗണ്ടറുകൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്.

2) വെള്ളക്കരം സ്വീകരിക്കുന്ന സമയം ഏറ്റവും കുറഞ്ഞത് രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെയായി ക്രമീകരിക്കേണ്ടതാണ്.

Draft #1 of File KWA/HO/RMC/R2/326/2021 Approved by Managing Director on 04-Mar-2021 07:49 PM - Page 1

3) കൗണ്ടറുകളുടെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി നിലവിലുള്ള ക്ലറിക്കൽ ജീവനക്കാരുടെ അഭാവത്തിൽ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഏത് വിഭാഗത്തിലുള്ള നിലവിലുള്ള ജീവനക്കാരുടെ സേവനം വേണമെങ്കിലും ബന്ധപ്പെട്ട EE / AEE മാർക്ക് യുക്താനുസരണം ഉപയോഗപ്പെടുത്താവുന്നതാണ്.

4. പുനഃക്രമീകരിക്കപ്പെട്ട സമയക്രമം പത്ര - ദൃശ്യ -നവ മാധ്യമങ്ങൾ വഴി പൊതുജനത്തെ അറിയിച്ച് പങ്കാളിത്തവും വരുമാന ലഭ്യതയും ഉറപ്പുവരുത്തേണ്ടതാണ്.

5.അവധി ദിനങ്ങളിൽ ഹാജരാകുന്ന ജീവനക്കാർക്ക് നിയമാനുസൃതമായ കോമ്പൻസേഷൻ ലീവിന് അർഹതയുണ്ടായിരിക്കുന്നതാണ്.

പുനഃ ക്രമീകരിച്ച സമയക്രമം അനുസരിച്ചുള്ള കളക്ഷൻ സെന്ററുകളുടെ പ്രവർത്തനം ഉടനടി പ്രാബല്യത്തിൽ വരുത്തേണ്ടതാണ്.

**വെങ്കടേസപതി എസ്., ഐ .എ .എസ്.**
മാനേജിംഗ് ഡയറക്ടർ

Draft #1 of File KWA/HO/RMC/R2/326/2021 Approved by Managing Director on 04-Mar-2021 07:49 PM - Page 2

The document is digitally approved. Hence signature is not needed.